O/C

**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: G1-704/2019

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 25.1.2019

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. റോസ് മരിയ മാനുവൽ,
മടുക്കക്കുഴി ഹൗസ്,
കാഞ്ചിയാർ പി.ഒ
പള്ളിക്കവല, ഇടുക്കി- 685 511.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമ പ്രകാരുമുള്ള അപേക്ഷ - സംബന്ധിച്ച് -

സൂചന: 14.1.2019ലെ താങ്കളുടെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ചോദ്യങ്ങളുടെ മറുപടി ചുവടെ ചേർക്കുന്നു.

Fcd on 28.01.2019

1. വാർദ്ധക്യത്തിലെത്തിയിട്ടും കുടുംബം പുലർത്തുന്ന കേരളത്തിലെ വൃദ്ധജനങ്ങളുടെ എണ്ണം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.
2. കേരളത്തിൽ വയോജനങ്ങൾക്കായി രൂപീകരിച്ച പദ്ധതികൾ ചുവടെ വിവരിക്കുന്നു.

a. സായംപ്രഭ ഹോം പദ്ധതി

നിലവിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് (പകൽ വീടുകൾ) അധിക സൗകര്യങ്ങൾ നൽകി കൊണ്ട് സായംപ്രഭ ഹോം ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് "സായംപ്രഭ ഹോം" പദ്ധതി.

b. മന്ദഹാസം പദ്ധതി

സംസ്ഥാനത്തെ, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ചു പിടിപ്പിച്ചു കൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം പദ്ധതി.

*db@18*

c. വയോ അമൃതം പദ്ധതി

സംസ്ഥാനത്തെ, 16 സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾ ആരോഗ്യസംരക്ഷണത്തിന് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി.

d. മൾട്ടി സർവ്വീസ് ഡേ കെയർ സെന്റർ.

വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടൽ, വിരസത, സുരക്ഷിതത്വമില്ലായ്മ തുടങ്ങിയവയാൽ വൃദ്ധജനങ്ങൾക്ക് ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ വിഷയങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിനും വയോജനങ്ങളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മൾട്ടി സർവ്വീസ് ഡേ കെയർ സെന്റർ.

e. വയോ സൗഹൃദ ഗ്രാമപഞ്ചായത്ത്

മുതിർന്ന പൗരൻമാരുടെ അവശതകൾ പരിഹരിക്കുന്നതിനും അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോസൗഹൃദമാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി.

f. മ്യൂസിക് തെറാപ്പി

സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിന് മ്യൂസിക് തെറാപ്പി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

g. വയോമധുരം പദ്ധതി

സംസ്ഥാനത്തെ,ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പ്രമേഹരോഗികളായ വയോജനങ്ങൾക്ക് രക്തത്തിൽ പഞ്ചസാരയുടെ അളവ് നിർണയിക്കുന്നതിന് സഹായകരമായ ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

h. വയോമിത്രം പദ്ധതി

65 വയസ്സിന് മേൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി കോർപ്പറേഷൻ / മുൻസിപ്പൽ നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ, ഹെൽപ്ഡെസ്ക്, കൗൺസിലിംഗ് സേവനം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് വയോമിത്രം.

i. ദിനാചരണ പരിപാടി

പൊതുജനങ്ങളെ വയോജനങ്ങളുടെ പ്രശ്നങ്ങളിൽ ബോധവാൻമാർ ആക്കുന്നതിന് World Elder Abuse Awareness Day -June 15, Alzhimer's Day- Sep.21, Old Age Day- Oct-1 എന്നീ ദിനങ്ങളിൽ സംസ്ഥാനതല, ജില്ലാതല പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

j. ഇന്ദിര ഗാന്ധി വയോജന പെൻഷൻ സ്കീം നിലവിലുണ്ട്. അതിൻ പ്രകാരം 60 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരൻമാർക്ക് 1,100/- രൂപയും 75 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരൻമാർക്ക് 1,500/- രൂപയും നൽകി വരുന്നു.

k. LSGD വഴി അനുയോജ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നുണ്ട്.

3. ഈ ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരള സീനിയർ സിറ്റിസൺസ് ഫോറം, എൽഡേഴ്സ് ഫോറം, സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ, ജനസമ്പർക്ക സമിതി, വയോ സുരക്ഷാ സംഘം, സൗഹൃദ വയോജന ക്ലബ്, ജനകീയ പ്രതികരണ വേദി, ചാരിറ്റബിൾ ട്രസ്റ്റ്, സീനിയർ സിറ്റിസൺസ് അസോസിയേഷൻ, കേരള സ്റ്റേറ്റ് പെൻഷൻ യൂണിയൻ തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

4. കേരളത്തിലെ വൃദ്ധർക്കെതിരെയുള്ള അതിക്രമങ്ങളുടെ വിവരങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ചിട്ടില്ലാത്തതാണ്. ക്രൈം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാൽ ലഭ്യമാകുന്നതാണ്.

പ്രസ്തുത മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

SUBAJITHMAL

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@18*